പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2669 **28-10-2026-ൽ മറുപടിയ്ക്ക്**

കൂനമ്പാലം സ്ലൂയിസ്, നെയ്യക്കുടി സ്ലൂയിസ് എന്നിവയുടെ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഗീതാ ഗോപി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) തൃശ്ശൂർ ജില്ലയിൽ വളരെ പ്രധാനപ്പെട്ട കൂനമ്പാലം സ്ലൂയിസ്, നെയ്യക്കുടി സ്ലൂയിസ് എന്നിവ നിർമ്മിക്കുന്നതിന് മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ, അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

മറുപടി: 2022-23 ബഡ്ജറ്റിലെ അനുബന്ധം - II വാല്യം-II ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 823 ആയി ഉൾപ്പെടുത്തിയിരിക്കുന്ന പുത്തൻചിറ നെയ്യക്കുടി salt water regulator നിർമ്മാണം എന്ന പ്രവൃത്തിക്കായി 10 കോടി രൂപയുടെ അടങ്കൽ തുകയിൽ, 20% ആയ 2 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഐ.ഡി.ആർ.ബി രൂപരേഖ തയ്യാറാക്കുകയും നിലവിലെ DSOR 2021 മാനദണ്ഡങ്ങൾ പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തപ്പോൾ തുക 10 കോടിയിൽ നിന്ന് 19 കോടി രൂപയായി വർദ്ധിക്കുകയും പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. ആയത് സർക്കാർ പരിശോധിക്കുകയും ബഡ്ജറ്റ് പ്രൊവിഷനിൽ (10 കോടി) നിജപ്പെടുത്തി പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

2025-26 ബഡ്ജറ്റ് അനുബന്ധം -II വാല്യം-II, ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമനമ്പർ 2061 ആയി ഉൾപ്പെടുത്തിയിരുന്ന Koonampalam across Pookkottupuzha Moonamkadu Thodu in Vengallur Grama Panchayath എന്ന പ്രവൃത്തിയ്ക്ക് അടങ്കൽ തുകയായ 100 ലക്ഷത്തിന്റെ 20% ആയ 20 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. ടി പ്രവൃത്തിയുടെ പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ആയത് സർക്കാർ പരിശോധിക്കുകയും പ്രസ്തുത പ്രവൃത്തിയ്ക്ക് 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. രണ്ട് പ്രവൃത്തികളുടെയും പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ